**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1004** **14-01-2021 - ൽ മറുപടിയ്ക്ക്**

**ജലസേചന പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ്,<br>ശ്രീ എം. രാജഗോപാലൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ . കാരാട്ട് റസാഖ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷം ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്റെ കണക്ക് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 58,712.68 ഹെക്ടർ പ്രദേശത്ത് അധിക ജലസേചന സൗകര്യം ഒരുക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ദീർഘകാലമായി പൂർത്തിയാകാതെ കിടന്നിരുന്ന വൻകിട ജലസേചന പദ്ധതികളിലൊന്നായ മൂവാറ്റുപുഴ ജലസേചന പദ്ധതി പൂർത്തീകരിക്കാൻ സാധ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി കൊണ്ടുള്ള ജലസേചന സൗകര്യം ഏതൊക്കെ പ്രദേശങ്ങളിൽ ലഭ്യമാണ് ; | (ബി) | ഉണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയിലെ കാരിക്കോട്, ഇടയാർ എന്നീ ഡിസ്ട്രിബ്യൂട്ടറികളെ ഒഴിവാക്കി പദ്ധതി പൂർത്തീകരിച്ച് 2020 ജൂലൈ 10ന് കമ്മീഷൻ ചെയ്തിട്ടുണ്ട്. എം.വി.ഐ.പി പദ്ധതി വഴി കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലായി തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം, പിറവം എന്നീ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന തൊടുപുഴ മുനിസിപ്പാലിറ്റിയിലും, മുട്ടം, കരിങ്കുന്നം, മണക്കാട്, ഇടവെട്ടി, കുമാരമംഗലം, ആരക്കുഴ, മഞ്ഞള്ളൂർ, ആവോലി, മാറാടി, പാലക്കുഴ, തിരുമാറാടി, രാമമംഗലം, പാമ്പാക്കുട, കല്ലൂർക്കാട്, ആയവന, പോത്താനിക്കാട്, പൈങ്ങോട്ടൂർ, പല്ലാരിമംഗലം, വാരപ്പെട്ടി, ഉഴവൂർ, വെളിയന്നൂർ, മുളക്കുളം, ഞീഴൂർ, കടത്തുരുത്തി, മാഞ്ഞൂർ, കടപ്പൂർ, കടപ്ളാമറ്റം , കിടങ്ങൂർ, കാണക്കാരി എന്നീ പഞ്ചായത്തുകളിലും പിറവം, കൂത്താട്ടുകുളം എന്നീ മുനിസിപ്പാലിറ്റികളിലും ജലസേചന സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പൂർത്തിയാകാത്ത മറ്റു വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഡാമുകളിലെ മണൽ നീക്കി സംഭരണ ശേഷി വർദ്ധിപ്പിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തെ ഡാമുകളിലും, റിസർവ്വോയറുകളിലും അടിഞ്ഞു കിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസിജിയർ (SOP) തയ്യാറാക്കുകയും 26/09/2017ലെ സർക്കാർ ഉത്തരവ് നം. |

| | | | |
|---|---|---|---|
| | | | സ.ഉ(കൈ) നം.79/2017/ജവിവ, 14/05/2019ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം. 14/2019/ ജവിവ എന്നിവ പ്രകാരം അംഗീകരിച്ചിട്ടുണ്ട് . പൈലറ്റ് പദ്ധതിയായ മംഗലം ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ചുമതല 'Dharti Dredging & Infrastructure Limited' എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുണ്ട്. ചുള്ളിയാറിന്റെത് 'Kerala Irrigation Infrastructure Development Corporation Ltd (KIIDC) നും മീൻകര, വാളയാർ എന്നീ ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി 'Kerala Mineral Development Corporation Ltd (KEMDEL)' നും നൽകുവാൻ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ